# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8** | **09/03/2015 ൽ മറുപടിക്ക്**

## അഴിമതി ആരോപണ വിധേയരായ മന്ത്രിമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രി നിയോഗിച്ച മന്ത്രിമാരിൽ ഏതെല്ലാം വകുപ്പ് മന്ത്രിമാർക്കെതിരെ നിയമസഭയിലും, വിജിലൻസിലും, മറ്റ് നിലയിലും അഴിമതി ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട് ; | (എ) | മുഖ്യമന്ത്രി നിയോഗിച്ച മന്ത്രിമാരിൽ, മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി ഉൾപ്പെടെ അടൂർ പ്രകാശ്, പി.ജെ.ജോസഫ്, കെ.എം.മാണി, വി.കെ.ഇബ്രാഹിംകുഞ്ഞ്,എം.കെ.മുനീർ, അനൂപ് ജേക്കബ്, പി.കെ.അബ്ദുറബ്, കെ.പി.മോഹനൻ എന്നീ മന്ത്രിമാരുടെ പേരിൽ അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ആരോപണങ്ങളെ തുടർന്ന് ഏതെല്ലാം മന്ത്രിമാർ രാജിവെച്ചുകൊണ്ടോ, മാറ്റിനിർത്തിക്കൊണ്ടോ അന്വേഷണം നേരിടുകയുണ്ടായി ; | (ബി) യും (സി) യും | ആരോപണങ്ങളുടെ പേരിൽ ആരും രാജി വച്ചിട്ടില്ല. ഇക്കാരണത്താൽ ആരേയും മാറ്റി നിർത്തിയിട്ടില്ല. |
| (സി) | ബന്ധപ്പെട്ട മന്ത്രിമാരെ തൽസ്ഥാനത്ത് നിന്നും മാറ്റിനിർത്തി; അന്വേഷണത്തിനുത്തരവിട്ട കേസ്സുകൾ എത്ര ; ബന്ധപ്പെട്ട മന്ത്രിമാരിൽ നിന്നും വകുപ്പ് മാറ്റിയത് ഏതെല്ലാം കേസ്സുകളുമായി ബന്ധപ്പെട്ടുത്തിക്കൊണ്ടാണ് ; | | |
| (ഡി) | ഇപ്പോഴത്തെ മന്ത്രിമാരിൽ ഇത്തരം ആരോപണത്തിന് വിധേയരാകാത്തവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | മന്ത്രിസഭയിലെ അംഗങ്ങളിൽ മുകളിൽ പ്രസ്താവിച്ചവരൊഴികെയുള്ളവർ ആരോപണത്തിന് വിധേയരായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**